III. അടിയന്തിരപ്രമേയം

ഇടുക്കി ജില്ലയിലെ കാഞ്ഞാറിൽ സി.പി.ഐ.(എം) മാർച്ചിനുനേരെയുണ്ടായ ലാത്തിച്ചാർജ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഗുണ്ടാ-മാഫിയ വാഴ്ച്ചയ്ക്കെതിരെ ഇടുക്കി ജില്ലയിലെ മൂലമറ്റത്തെ കാഞ്ഞാർ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ സി.പി.ഐ.(എം) പ്രവർത്തകരെ പോലീസ് ലാത്തിച്ചാർജ് നടത്തുകയും മൃഗീയമായി മർദ്ദിക്കുകയും ചെയ്തിരിക്കുന്നു. ജില്ലാ സെക്രട്ടേറിയറ്റ് അംഗം ശ്രീ. സി. ജെ. ചാക്കോ ഉൾപ്പെടെ മുപ്പതോളം പേരെ പോലീസ് തല്ലിച്ചതച്ചിരിക്കുന്നതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. സമാധാന പരമായി മാർച്ച് നടത്തിയ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ യാതൊരു പ്രകോപനവുമില്ലാതെ ലാത്തിച്ചാർജ് നടത്തിയതിനെത്തുടർന്ന് ആ പ്രദേശത്താകെ സംജാതമായിരിക്കുന്ന സംഭ്രമജനകമായ അന്തരീക്ഷവും ജനങ്ങളിൽ ഉണ്ടായിരിക്കുന്ന ആശങ്കയും സംബന്ധിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എ. എ. അസീസ്, ശ്രീ. പി. സി. ജോർജ്ജ്, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. വി. സി. കബീർ, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇടുക്കി ജില്ലയിൽ കാഞ്ഞാർ പോലീസ് സർക്കിൾ ഓഫീസിലേയ്ക്ക് 13-7-2004 വൈകുന്നേരം നാലു മണിക്ക് 50 സ്ത്രീകൾ ഉൾപ്പെടെ 350-ലധികം സി.പി.ഐ.(എം) പ്രവർത്തകർ മാർച്ച് നടത്തി. ഇടുക്കി ജില്ലയിൽ 12 പോലീസ് സ്റ്റേഷനുകളിലേക്കാണ് സി.പി.ഐ. (എം) പ്രവർത്തകർ മാർച്ച് നടത്താൻ തീരുമാനിച്ചിരുന്നത്. മറ്റ് 11 സ്ഥലങ്ങളിലും ഉച്ചയ്ക്ക് ഒരു മണിക്കുമുമ്പ് സമാധാനപരമായി മാർച്ചു നടത്തി പിരിഞ്ഞു പോയിട്ടുള്ളതാണ്. എന്നാൽ കാഞ്ഞാർ സർക്കിൾ ഓഫീസിലേയ്ക്ക് രാവിലെ മാർച്ച് നടത്തുന്നതിന് പകരം ഉച്ച തിരിഞ്ഞ് നടത്തി. മാർച്ച് സി. ഐ. ഓഫീസിന് 100 മീറ്റർ അകലെ പോലീസ് തടഞ്ഞു. അതിൽ പ്രകോപിതരായ പ്രകടനക്കാർ പോലീസിനെ തള്ളി മാറ്റി സ്റ്റേഷൻ ഗേറ്റിലേയ്ക്ക് ഓടുകയും അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരുമായി ഉന്തും തള്ളും ഉണ്ടാവുകയും തുടർന്ന് പോലീസുകാർക്ക് നേരേയും സി. ഐ. ഓഫീസിനു നേരേയും ശക്തമായ കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൽ സി. ഐ. ഓഫീസിന്റെ ജനൽ ചില്ലുകൾ തകരുകയും സ്റ്റേഷൻ ജീപ്പിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. കൂടാതെ കാഞ്ഞാർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 14 പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്ക് പറ്റി ചികിത്സക്ക് പോയി. പ്രകോപനപരമായി നിലകൊണ്ട പ്രവർത്തകരെ സമാധാനപരമായി പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാതെ അക്രമാസക്തരായി നിലകൊണ്ടതിനാൽ അവരെ പോലീസ് ലാത്തി വീശി വിരട്ടിയോടിച്ചു. ഓടിപ്പോയ പ്രവർത്തകർ സ്റ്റേഷന് 100 മീറ്റർ അകലെ മാർഗ്ഗ തടസ്സം സൃഷ്ടിച്ച് കുത്തിയിരുന്ന് യോഗം നടത്തിയശേഷം പിരിഞ്ഞു പോയി. പോലീസ് മർദ്ദിച്ചു എന്ന് ആരോപിച്ച് മൂന്ന് സ്ത്രീകൾ ഉൾപ്പെടെ 12 സി. പി. ഐ. (എം) പ്രവർത്തകർ വിവിധ ആശുപത്രികളിൽ ചികിത്സയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതായി അറിയുന്നു. ഇക്കാര്യത്തിൽ പൊതുമുതൽ നശിപ്പിച്ചതിന് എതിരെയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും ക്രൈം 153/04-ാം നമ്പരായി കാഞ്ഞാർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും 25 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. തൊടുപുഴ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് പാർട്ടി സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. അവിടെ മറ്റ് അനിഷ്ട സംഭവങ്ങളോ സംഭ്രമജനകമായ അന്തരീക്ഷമോ നിലവിലില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, മുഖ്യമന്ത്രിക്ക് സ്വാഭാവികമായും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ എഴുതി കൊടുത്തത് വായിക്കാൻ മാത്രമേ കഴിയുകയുള്ളു. കേരളത്തിലെ ഗുണ്ടാ മാഫിയാരാജിന് എതിരായി കേരള വ്യാപകമായി നടത്തിയ സമരത്തിന്റെ ഭാഗമായിട്ടാണ് കാഞ്ഞാർ സി. ഐ. ഓഫീസിനു മുമ്പിലേയ്ക്ക് മാർച്ച് നടത്തിയത്. അതാണ് രാവിലെയും വൈകുന്നേരവും എന്നു പറയുന്നത്. രാവിലെ നടത്തിയതും വൈകുന്നേരം നടത്തിയതും പ്രദേശത്തിന്റെ ചില പ്രത്യേകതകൾ കൊണ്ടും ആളുകൾക്ക് എത്തിച്ചേരാനും തിരിച്ചു പോകാനുമുള്ള സൗകര്യവും നോക്കിയാണ്. അവിടെ മാർച്ച് നടത്തുമ്പോൾ 100 മീറ്റർ അകലെവച്ച് തടഞ്ഞു എന്നു പറയുന്നത് ശരിയല്ല. മാർച്ച് 250 മീറ്റർ അകലെ വച്ച് തടഞ്ഞു. അപ്പോഴാണ് ഉന്തും തള്ളും ഉണ്ടായി എന്ന് പറയുന്നത്. ഏകദേശം 10, 50 മീറ്റർ അപ്പുറത്തു മാറി ആളുകൾ റോഡിൽ ഇരിക്കുകയാണ് ചെയ്തത്. ഇരുന്നിട്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയേറ്റ് മെമ്പറായ ശ്രീ. സി. ജെ. ചാക്കോ സമരം ഉദ്ഘാടനം ചെയ്യുന്ന സമയത്താണ് സി. ഐ. അദ്ദേഹത്തിന്റെ തലയ്ക്ക് അടിക്കുന്നത്. സി. ഐ. വിജയകുമാരൻ നായരുടെ നേതൃത്വത്തിൽ അമ്പതോളം പോലീസുകാരാണ് അവിടെ ഉണ്ടായിരുന്നത്. നാല് തുന്നിക്കെട്ടുണ്ട്. രക്തം ചീറ്റി കുഴഞ്ഞു വീഴാൻ പോയ അദ്ദേഹത്തെ താങ്ങിപ്പിടിക്കുന്ന സമയത്താണ് ഏരിയ കമ്മിറ്റി സെക്രട്ടറിയായ ശ്രീ. കെ. എൽ. ജോസഫ് മുട്ടം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി. കെ. മോഹനൻ, ശ്രീ. കെ. വി. സണ്ണി തുടങ്ങി സ്ത്രീകളടക്കമുള്ള നിരവധി ആളുകളെ ക്രൂരമായി ലാത്തിച്ചാർജിന് വിധേയമാക്കിയത്. ഒരു പ്രാവശ്യമല്ല രണ്ടു പ്രാവശ്യമാണ് ലാത്തിച്ചാർജ് നടത്തിയത്. ഈ ലാത്തിച്ചാർജിന്റെ ഭാഗമായി ഇപ്പോൾ തന്നെ തൊടുപുഴ സഹകരണ ആശുപത്രിയിൽ 11 പേർ ചികിത്സയിലുണ്ട്. അതുപോലെ തന്നെ മൂലമറ്റം മിഷൻ ആശുപത്രിയിലും ആളുകളുണ്ട്. പത്തു സ്ത്രീകൾക്കാണ് പരിക്ക് പറ്റിയത്. ഒന്നോ രണ്ടോ വനിതാ പോലീസുകാരാണ് സംഭവ സ്ഥലത്ത് ഉണ്ടായിരുന്നത്. അതുകഴിഞ്ഞ് ഏകദേശം ഒരു മണിക്കൂറിന് ശേഷമാണ് ഡിവൈ. എസ്. പി.-യും പോലീസ് സംഘവും ഒരു കിലോമീറ്റർ അപ്പുറത്തു നിന്ന് മർദ്ദനം തുടങ്ങിയത്. വഴിയിൽ കണ്ട ആളുകളെ മുഴുവൻ അടിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ പ്രവർത്തകൻ എന്നു പറയുന്ന ഓടയ്ക്കൽ ജോണി എന്നയാൾക്ക് മർദ്ദനം ഏറ്റിട്ടുള്ളത് ഒരു കിലോമീറ്റർ അപ്പുറത്തുവച്ചാണ്. പോലീസ് കടകൾ അടപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഓടിപ്പോകുന്ന ലൈൻ ബസ് തടഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

നിർത്തി ബസിലുണ്ടായിരുന്ന ആളുകളെ മർദ്ദിച്ചിട്ടുണ്ട്. മർദ്ദനമേറ്റ ആളുകളെയാണ് കസ്റ്റഡിയിൽ എടുത്തിരിക്കുന്നത്. അതുപോലെ വഴി യാത്രക്കാർ, കൊച്ചു കുട്ടികൾ, സ്കൂൾ വിട്ടു പോകുന്നവർ, ഇങ്ങനെയുള്ളവരെ ക്രൂരമായി മർദ്ദിച്ചിരിക്കുകയാണ് അവിടെ ചെയ്തിട്ടുള്ളത്. അവിടെ സംഭ്രമജനകമായ സ്ഥിതിവിശേഷം തന്നെയാണ് നിലനിൽക്കുന്നത്. ഡിവൈ.എസ്.പി.ക്കും മറ്റും പേ പിടിക്കുക എന്നു പറഞ്ഞാൽ, ഡിവൈ.എസ്.പി.യേപ്പോലെയുള്ള ഉന്നതരായ ഉദ്യോഗസ്ഥർ വഴിക്കു കാണുന്ന മുഴുവൻ ആൾക്കാരേയും അടിക്കുക എന്നു പറഞ്ഞാൽ, സ്ത്രീകളെ മർദ്ദിക്കുക എന്നു പറഞ്ഞാൽ, അത്തരം സംഭവങ്ങൾ കേരളത്തിലല്ലാതെ വേറെ എവിടെയെങ്കിലും നടക്കുന്നുണ്ടോ? അതും പ്രത്യേകിച്ച് എന്തെങ്കിലും പ്രകോപനവും കൂടാതെയാണ്. ഇവിടെ യഥാർത്ഥത്തിൽ പോലീസ് അകാരണമായി ലാത്തി ചാർജ് നടത്തിയശേഷം ന്യായീകരണം കണ്ടെത്താൻ വേണ്ടിയുള്ള സമീപനം എടുക്കുകയും അതിന്റെ പേരിൽ ജാമ്യം പോലും കിട്ടാത്ത വകുപ്പു വച്ച് നിരപരാധികളായുള്ള നിരവധി ആളുകളെ കസ്റ്റഡിയിൽ എടുക്കുകയും മർദ്ദിക്കുകയും ചെയ്തിരിക്കുന്നു. വഴിക്കു വച്ചും ജീപ്പിൽ വച്ചും മർദ്ദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനകത്ത് കൊണ്ടുപോയി മർദ്ദിച്ചിട്ടുണ്ട്. ഇത്തരം സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. ഇത് കേരളത്തിലാകെ നടക്കുന്ന സംഭവങ്ങളുടെ ഭാഗമാണ്. ഗുണ്ടകളും മാഫിയകളും ഒരു ഭാഗത്ത് ജനങ്ങളെ വേട്ടയാടുന്നു. അതേസമയം മറുഭാഗത്ത് പോലീസ് സ്പെഷ്യലായി വേട്ടയാടിക്കൊണ്ടിരിക്കുന്നു... ഇത്തരമൊരു സ്ഥിതിയിൽ ആ പ്രദേശത്താകെ അരക്ഷിതാവസ്ഥ നിലനിൽക്കുകയാണ്. ആ പ്രദേശമാകെ വിറങ്ങലിച്ചു നിൽക്കുന്ന സ്ഥിതിയാണുള്ളത്. അത്യന്തം ഗൗരവമായ ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നതുകൊണ്ട് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഞാൻ ശ്രദ്ധിച്ച് കേട്ടു. എനിക്ക് കിട്ടിയ പ്രാഥമിക റിപ്പോർട്ട് സി.പി.ഐ.(എം) നേതാക്കൾ മന:പൂർവ്വം ഇവിടെ പ്രശ്നം സൃഷ്ടിച്ചുവെന്നാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും ഞാൻ മെമ്പർ പറഞ്ഞ കാര്യം അന്വേഷിക്കുന്നതാണ്. പക്ഷെ, അവിടെ ഇപ്പോൾ അസാമാന്യമായതോ സംഭ്രമജനകമായതോ ആയ അന്തരീക്ഷം നിലനിൽക്കുന്നില്ല. ഈ സാഹചര്യത്തിൽ ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമൊന്നും ഇല്ല. ഞാൻ അതിനെക്കുറിച്ച് അന്വേഷിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ല എന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കേരളത്തിലാകെ ഇന്നലെ നടന്ന തികച്ചും സമാധാനപരമായ ഒരു പോലീസ് സ്റ്റേഷൻ മാർച്ചാണ് ഞങ്ങളുടെ പാർട്ടിയുടെ നേതൃത്വത്തിൽ നടന്നത്. കാഞ്ഞാർ എന്നു പറയുന്ന സ്ഥലത്തൊഴികെ മറ്റൊരു സ്ഥലത്തും ഇതുപോലെ ഒരു സംഭവം സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ലോക്കൽ പോലീസ് ഞങ്ങളുടെ പ്രവർത്തകരോട് വൈരനിര്യാതന ബുദ്ധി ഉള്ളിൽ വച്ചുകൊണ്ടുള്ള മനഃപൂർവ്വമായ ഒരു നടപടി അവിടെ ആവർത്തിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. ബസ്സുകളിലെ യാത്രക്കാരേയും വഴിനീളെയുള്ള കടകളുടെ നേരെയുമെല്ലാം തന്നെ ഇത്തരത്തിലുള്ള ആക്രമണം നടത്തിയതായിട്ടാണ് റിപ്പോർട്ട് പ്രകാരം കാണാൻ കഴിയുന്നത്. അത് സംബന്ധിച്ച് ഒറ്റപ്പെട്ട സംഭവമായിട്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു. വളരെ സമാധാനപരമായി നടത്തിയ ഒരു സ്റ്റേഷൻ മാർച്ച്, ഉത്തരവാദപ്പെട്ട പാർട്ടി നേതാക്കന്മാർ സംഘടിപ്പിച്ചപ്പോൾ തലയ്ക്കടിച്ച് വീഴ്ത്തുന്ന തരത്തിലുള്ള ഒരു മർദ്ദനം അവിടെ നടത്തിയെന്നുള്ളതാണ് . അതിൽ വളരെ ഗൗരവതരമായ അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാകാതെ ഇതൊരു സാധാരണ.....അങ്ങനെ കിട്ടി.....ഇത് ഞാൻ നോക്കാം എന്നുള്ള നിലയിൽ..... പോലീസിന്റെ റിപ്പോർട്ട് നിങ്ങൾ തള്ളിക്കളയണമെന്ന് ഞങ്ങൾ പറയുന്നില്ല. പോലീസ് ഇത് സംബന്ധിച്ച് അയയ്ക്കുന്ന റിപ്പോർട്ട് പരിശോധിക്കുകതന്നെ വേണം. അതേസമയം ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നത്തെ സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള ഗൗരവംകൂടെ മനസ്സിലാക്കി നിരപരാധികളായിട്ടുള്ള ആളുകളുടെ നേരെപോലും നടന്നിട്ടുള്ള പോലീസിന്റെ ആക്രമണം.....വഴിയാത്രക്കാരുടെയും കടകൾക്കുനേരെയും നടന്നിട്ടുള്ള ആക്രമണം സംബന്ധിച്ച് ഗവണ്മെന്റിന്റെ സമീപനം എന്താണെന്നുള്ളത് മുഖ്യമന്ത്രി വ്യക്തമാക്കേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഞാൻ ഗവണ്മെന്റിന്റെ സമീപനം വ്യക്തമാക്കിയല്ലോ. എനിക്ക് കിട്ടിയ പ്രാഥമിക റിപ്പോർട്ടനുസരിച്ച് സമരക്കാർ മനഃപൂർവ്വം പ്രകോപനമുണ്ടാക്കിയ ഒരു സംഘർഷമാണ് അവിടെ ഉണ്ടായിട്ടുള്ളത്. പോലീസുകാർക്കും പരിക്കു പറ്റിയിട്ടുണ്ട്. സമരക്കാർക്കും അതിന്റെ ഫലമായി പരിക്ക് പറ്റിയിട്ടുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ മറ്റൊരു വെർഷൻ ആണ് ഇവിടെ വിശദീകരിച്ചത്. ഞാൻ പറഞ്ഞല്ലോ, എനിക്കു കിട്ടിയ റിപ്പോർട്ട് ഇതാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞ സ്ഥിതിക്ക് അത് അന്വേഷിക്കാമെന്ന്.

IV. ശ്രദ്ധക്ഷണിക്കൽ

(1) ശാസ്താംകോട്ട ശുദ്ധജലതടാകം സംരക്ഷിക്കുന്നതിന് നടപടികൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടേയും നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയുടേയും മുമ്പാകെ വളരെ വിനയത്തോടുകൂടെ അവതരിപ്പിക്കുകയാണ്. കേരളത്തിന്റെ പൊതുവായിട്ടുള്ള വിഷയത്തെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട ശുദ്ധജല തടാകം കൊല്ലം ജില്ലയിൽ കുന്നത്തൂർ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. പ്രകൃതി കനിഞ്ഞു നൽകിയ ഈ വരദാനം കൊല്ലം ജില്ലയിലും സമീപ പ്രദേശങ്ങളിലുമൊക്കെ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു പ്രധാനപ്പെട്ട ജലസ്രോതസ്സാണ്. ഇതിന്റെ വിസ്തീർണ്ണം 413-ലധികം ഹെക്ടറാണ്. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly